# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1250 — 03.12.2015- ൽ മറുപടിക്ക്

## ഓൺലൈൻ വഴി റവന്യൂ സർട്ടിഫിക്കറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. പി.സി. വിഷ്ണുനാഥ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

എ) സംസ്ഥാനത്ത് റവന്യൂ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി നൽകാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

എ) ഉണ്ട്.

ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

ബി) റവന്യൂ വകുപ്പിൽ ഇ ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇ ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കി യിട്ടുള്ളത്. അപേക്ഷകന് എപ്പോഴും, എവിടെ നിന്നു വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈനായി അപേക്ഷിക്കുകയും ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളതും നടപ്പിലാക്കി വരുന്നതും. ഓൺലൈൻ ആയി വില്ലേജ് ഓഫീസർക്ക്/ തഹസിൽദാർക്ക് എത്തുന്ന അപേക്ഷകൾ പരിശോധിച്ച ശേഷം ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ അനുവദിച്ചു നൽകുന്നു.

സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

സി) സംസ്ഥാനത്ത് റവന്യൂ വകുപ്പ് മുഖേന ഓൺലൈൻ വഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ആധികാരികതയുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാർക്കും ലാപ്ടോപ്പ് / പേഴ്സണൽ കമ്പ്യൂട്ടറുകൾ എന്നിവ കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ വഴി നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി ഉപയോഗിക്കുന്ന എല്ലാ വില്ലേജ് ഓഫീസർമാർക്കും, എസ്.വി.ഒ മാർക്കും, തഹസിൽദാർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും മതിയായ പരിശീലനം

നൽകിയിട്ടുണ്ട്. കൂടാതെ, എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടായാൽ പരിഹരിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും എല്ലാ താലൂക്കുകളിലും ഹാൻഡ് ഹോൾഡിംഗ് സ്റ്റാഫിനെയും കേരള സ്റ്റേറ്റ് ഐ.ടി മിഷൻ വഴി നിയമിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്ത ലഘുലേഖകൾ വഴിയും, വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളിലൂടെയും ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നൽകുന്ന സർട്ടിഫിക്കറ്റുകളുടെ പൂർണ്ണവിവരവും, സർട്ടിഫിക്കറ്റുകൾക്ക് ആവശ്യമായിട്ടുള്ള അനുബന്ധ രേഖകളുടെ വിവരങ്ങളും, അപേക്ഷ നൽകുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനും വേണ്ട പരിശീലനങ്ങളും, അനുബന്ധ സാങ്കേതിക വിവരങ്ങളും അക്ഷയ കേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ട്.

ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടായാൽ അടിയന്തിര സാഹചര്യത്തിൽ വില്ലേജ് ഓഫീസിൽ നിന്നും നേരിട്ടു തന്നെ ജനങ്ങൾക്ക് ഇപ്പോഴും സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നതാണ്. കൂടാതെ ഓൺലൈൻ പേയ്മെന്റ് സംവിധാനം കൂടി ഈ പദ്ധതിയുടെ ഭാഗമായതോടുകൂടി വീട്ടിലിരുന്നു തന്നെ സർട്ടിഫിക്കറ്റിനു അപേക്ഷിക്കുന്നതിനും, ലഭ്യമാക്കുന്നതിനുമുള്ള സൗകര്യവും നിലവിൽ വന്നു കഴിഞ്ഞിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**